45. ശ്രീ എൻ. ശ്രീനിവാസൻ
46. ,, പന്തളം സുധാകരൻ
47. ,, കോട്ടക്കുഴി സുകുമാരൻ
48. ,, വി. സുരേന്ദ്രൻപിള്ള
49. ,, പി. പി. തങ്കച്ചൻ
50. ,, സി. എഫ്. തോമസ്
51. ,, കെ. കെ. തോമസ്
52. ,, പി. കെ. വേലായുധൻ
53. ,, സ്റ്റീഫൻ പാമ്പുവ

പ്രതികൂലിക്കുന്നവർ—4

1. ശ്രീ. സി. കെ. ചക്രപാണി
2. ,, സി. പി. മുസ്സാൻകുട്ടി
3. ,, എം. വി. രാഘവൻ
4. ,, സി. വാസുദേവമേനോൻ

നിഷ്പക്ഷർ—ഇല്ല.

പ്രമേയത്തെ അനുകൂലിക്കുന്നവർ 53, പ്രമേയത്തെ എതിർക്കുന്നവർ 4, നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986—ലെ കൊച്ചി—ശാസ്ത്ര സാങ്കേതിക ശാസ്ത്ര ബിൽ സഭ പാസ്സാക്കി.

VIII. അര മണിക്കൂർ ചർച്ച

(റൂൾ 49 പ്രകാരം)

വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ചർച്ച അവതരിപ്പിക്കുകയാണ്. ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ രൂക്ഷതയെയും, അത് പരിഹരിക്കാനുള്ള ശ്രമങ്ങളുടെ അപര്യാപ്തതയെയും പറ്റി ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ഈ ചർച്ച അവതരിപ്പിക്കുന്നത്. ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു് ഓഫീസ്സുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം ഏതാണ്ട് 26, 65, 339 ആണ്. നാൾക്കുനാൾ പെരുകുന്ന തൊഴിൽരഹിതരുടെ ഭയാനകമായ വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് ഇതിന് പരിഹാരം ഉണ്ടാക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാലമത്രയും നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കേരളത്തിനകത്തും പുറത്തും ജോലി സാദ്ധ്യതകളുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ കേരളത്തിന് പുറത്ത് തൊഴിൽ സാദ്ധ്യത വളരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഗൾഫ് നാടുകളിൽ നിന്ന് ജോലി അവസാനിച്ച് ആളുകൾ മടങ്ങുന്ന സാഹചര്യം തന്നെ ഉണ്ടായിരിക്കുകയാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

തരത്തിൽ വളരെ ഭയാനകമായ ഒരു സ്ഥിതിവിശേഷം നാം നേരിടാൻ പോകുകയാണ്. നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള സമഗ്രമായ നീക്കങ്ങൾ ഗവൺമെൻറ് നടത്തുവാൻ തയ്യാറാകണം. സ്വയം തൊഴിൽ കണ്ടെത്താനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുക, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക, തുടങ്ങിയവ മാത്രമാണ് ഈ പ്രശ്നത്തിന് നേരിയ തോതിലെങ്കിലും പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗം. ഇരുപതിന സാമ്പത്തിക പരിപാടിയുടെ ഭാഗമായി ആരംഭിച്ച സെൽഫ് എംപ്ലോയ്മെൻറ് പരിപാടിയിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ട ന്യായമായ വിഹിതം ലഭിക്കുന്നില്ലെന്ന ആക്ഷേപം എനിക്കുണ്ട്. 1986–87–ൽ കേരളത്തിനാകെ 13,000 പേർക്ക് സെൽഫ് എംപ്ലോയ്മെൻറ് സ്കീമിൽ നിന്ന് വായ്പ നൽകാൻ ഉദ്ദേശിക്കുന്നതായി നിയമസഭയിൽ വ്യവസായവകുപ്പ് മന്ത്രി പറയുകയുണ്ടായി. വളരെ അപര്യാപ്തമായ ഒരു സംഖ്യയാണിത്. ഏതു മാനദണ്ഡത്തിലാണ് ഇത്തരത്തിലുള്ള സംഖ്യ അംഗീകരിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 1983–84–ൽ സ്വയം തൊഴിൽ കണ്ടെത്തൽ പ്രകാരമുള്ള വായ്പക്കായി 67,261 പേർ അപേക്ഷിച്ചിരുന്നു. വായ്പ നൽകിയവരുടെ എണ്ണമാകട്ടെ 13,000 മാത്രമാണ്. 1984–85–ൽ ഏതാണ് 53,000 പേർ അപേക്ഷ കൊടുത്തിരുന്നു. വായ്പ നൽകിയത് 12,000 പേർക്ക് മാത്രമാണ്. 1985–86–ൽ 48,000 പേർ അപേക്ഷിച്ചിരുന്നു. വായ്പ ലഭിച്ചത്. 13,000 പേർക്ക് മാത്രം. ഇങ്ങനെ ഈ പദ്ധതി ആരംഭിച്ചതിൽ പിന്നെ കഴിഞ്ഞ 3 കൊല്ലമായി 1,68,000-ഓളം ആളുകൾ അപേക്ഷിച്ചപ്പോൾ വായ്പ ലഭിച്ചത് വെറും 38,000 പേർക്ക് മാത്രമാണ്. ഒരു ലക്ഷത്തോളം അപേക്ഷകരിൽ ജില്ലാ വ്യവസായ ഓഫീസർ ശുപാർശ ചെയ്ത 53,000 പേർക്ക് പോലും വായ്പ നൽകാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് തൊഴിൽ രഹിതരുടെ എണ്ണത്തിനനുസരിച്ച് പ്രത്യേകിച്ചും അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ പേർക്ക് വായ്പ ലഭിക്കാനുള്ള സംവിധാനമുണ്ടാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കണം. മറെറാരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് വായ്പ എടുത്തിട്ടുള്ളവരുടെ സ്ഥിതിയാണ്. 38,000 പേർക്ക് വായ്പ നൽകിയതായി രേഖയിൽ കാണുന്നുണ്ട്. എത്ര വ്യവസായങ്ങൾ ആരംഭിച്ചു എന്ന് എനിയ്ക്കറിയില്ല. ഇപ്പോഴും വായ്പ എടുത്ത ആളുകൾ വലിയ ആശയക്കുഴപ്പത്തിലാണ്. കാരണം ഇതു സംബന്ധിച്ച് വ്യക്തമായ യാതൊരു പദ്ധതിയും തയ്യാറാക്കിയിട്ടില്ല. ചിലർക്ക് വ്യവസായത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല. സെൽഫ് എംപ്ലോയ്മെൻറ് സ്കീം പ്രകാരം വായ്പയെടുത്തിട്ടുള്ള വ്യവസായങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാമെന്ന് ഈ സഭയിൽ തന്നെ പല വട്ടം പറഞ്ഞു. ഇപ്പോഴും ഫലത്തിൽ അത് നടപ്പിലായി കാണുന്നില്ല.

സെൽഫ് എംപ്ലോയ്മെൻറ് സ്കീം പ്രകാരം ഇന്ത്യാ ഗവൺമെൻറ് അനുവദിച്ചിരുന്ന തുകയുടെ പരിധി 35,000 രൂപയാക്കി വർദ്ധിപ്പിച്ചു. അയ്യായിരവും ആറായിരവും രൂപവരെ ഇലക്ട്രിസിറ്റി കണക്ഷനു വേണ്ടി മാത്രം നൽകേണ്ടതായ സ്ഥിതിയാണ് നിലനിൽക്കുന്നത്. ആ നില മാറണം. ഗവൺമെൻറ് ഈ സഭയിൽ പ്രഖ്യാപിച്ചതുപോലെ സെൽഫ് എംപ്ലോയ്മെൻറ് സ്കീമിനും സാധു കർഷകർക്കും വൈദ്യുതി കണക്ഷനു മുൻഗണന നിലനിറുത്തുകയും അവർക്ക് പ്രത്യേകമായ കോൺട്രിബ്യൂഷൻ അടയ്ക്കാതെ വൈദ്യുതി നൽകാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം. അതുപോലെതന്നെ സെൽഫ് എംപ്ലോയ്മെൻറ് സ്കീമനുസരിച്ച് ആരംഭിക്കുന്ന വ്യവസായങ്ങളുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട് റിപ്പോർട്ട് ഇന്നുവരെ കേരളത്തിൽ തയ്യാറാക്കിയിട്ടില്ല. 38,000 രൂപയോളം ആളുകൾ വ്യവസായം ആരംഭിക്കാനായിട്ട് വ്യാവസായിക രംഗത്തുണ്ടെന്നാണ് ഇപ്പോഴുള്ള കണക്കുകളിൽനിന്നു മനസ്സിലാകുന്നത്. വ്യവസായം ആരംഭിക്കാനായിട്ട് വ്യവസായവകുപ്പിൽ പ്രത്യേകമായൊരു സെല്ലോ സംവിധാനമോ ഏർപ്പെടുത്തി ഇവർക്കുവേണ്ടി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ പുതിയ വ്യവസായസംരംഭങ്ങൾ ഉണ്ടാകുകയുള്ളൂ. അതുപോലെതന്നെ ഇവർക്ക് ലഭിക്കുന്ന റാ മെറ്റീരിയൽസിന്റെ കാര്യത്തിൽ അപാകതയുണ്ട്. പല വ്യവസായങ്ങൾക്കും റാ മെറ്റീരിയൽസ് കിട്ടുന്നില്ല. ചെറുകിട വ്യവസായമേഖലയിലാരംഭിക്കുന്ന മെഴുകുതിരിക്കുവേണ്ടിയുള്ള അസംസ്കൃത പദാർത്ഥം ലഭിക്കുന്നില്ല. ഇവർക്ക് റാ മെറ്റീരിയൽസ് ലഭ്യമാക്കുന്ന കാര്യത്തിലാണെങ്കിലും അവരുടെ പ്രോജക്ടുകൾ ശരിയായവിധത്തിൽ നടപ്പിലാക്കുന്നതിലാണെങ്കിലും വൈദ്യുതി കണക്ഷൻ കൊടുക്കുന്ന കാര്യത്തിലാണെങ്കിലും ഇതിലെല്ലാം സമഗ്രമായൊരു പദ്ധതി തയ്യാറാക്കുവാൻ ഗവൺമെന്റ് തയ്യാറായില്ലെങ്കിൽ തീർച്ചയായും സെൽഫ് എംപ്ലോയ്മെന്റ് സ്കീം വളരെ വിജയകരമാകാൻ പോകുന്നില്ല. 7-ാം പദ്ധതിക്കാലത്ത് പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയും ഇന്ത്യാഗവൺമെന്റും മുൻഗണനകൊടുത്ത ഒരു സ്കീമാണ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം. നമ്മുടെ സംസ്ഥാനത്ത് തൊഴിൽരഹിതരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുമ്പോൾ ഗവൺമെന്റിനെക്കൊണ്ടോ അല്ലെങ്കിൽ മറ്റ് വ്യവസായങ്ങളെക്കൊണ്ടോ ഈ മേഖലയിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ സാദ്ധ്യമല്ല. ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുന്ന ഏക മാർഗ്ഗം ചെറുകിടവ്യവസായ സംരംഭങ്ങളുടെ വളർച്ച മാത്രമാണ്. അത്തരത്തിലുള്ള സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഒരു സമഗ്രമായ പദ്ധതിയുമായി കേന്ദ്രഗവൺമെന്റ് മുന്നോട്ട് വരുമ്പോൾ ഈ മേഖലയിൽ സഹായകരമായ നയം സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുന്നില്ലെങ്കിൽ തീർച്ചയായും ഈ പദ്ധതി പരാജയപ്പെടും. അതുണ്ടാകാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. വ്യവസായ വകുപ്പിൽ പ്രത്യേകമായൊരു സെൽ ഏർപ്പെടുത്താനും ചെറുകിട വ്യവസായസംരംഭകർക്കാവശ്യമായിട്ടുള്ള റാ മെറ്റീരിയൽസ് നൽകി അവരെ സഹായിക്കാനും എല്ലാം സഹായകമായ സമഗ്രമായ പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് ഭാഗത്തുനിന്നും നീക്കം ഉണ്ടായെങ്കിൽ മാത്രമേ ഇന്ന് നേരിടുന്ന ഭയാനകമായ തൊഴിലില്ലായ്മയിൽനിന്ന് കേരളത്തെ രക്ഷിക്കുവാൻ കഴിയുള്ളൂ. അതിനുവേണ്ടിയുള്ള നീക്കങ്ങൾ ഗവൺമെന്റുഭാഗത്തുനിന്നുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, നമ്മുടെ പ്രിയങ്കരിയായിരുന്ന യശശ്ശരീരയായ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഇന്ത്യയിലെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കുവേണ്ടി 1983-84-ൽ ആവിഷ്ക്കരിച്ച ഒരു മഹത്പദ്ധതിയാണ് സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി. ഈ പദ്ധതി 1983-84-ലാണ് ആരംഭിച്ചത്. ഓരോ വർഷവും ഇതിനെ സംബന്ധിച്ച് നീട്ടിക്കൊടുക്കുകയാണ് ഉണ്ടായത്. ഒരു കൊല്ലം കൊടുത്തുകഴിഞ്ഞാൽ അടുത്തവർഷമുണ്ടാകുമോയെന്നകാര്യം വളരെ സംശയാസ്പദമാണ്. കേരള സംസ്ഥാന ഗവൺമെന്റും മറ്റ് ചില സംസ്ഥാന ഗവൺമെന്റുകളും കേന്ദ്ര ഗവൺമെന്റിൽ നിരന്തരമായി നിവേദനം നടത്തിയതിന്റെ ഫലമായി 1986-87 മുതൽ ആരംഭിക്കുന്ന ഒരു പദ്ധതി 7-ാം പദ്ധതിയുടെ അവ

LIBRARY ARCHIVES Kerala Legislative Assembly

സാനത്തെ കൊല്ലംവരെ തുടർച്ചയായി നൽകുന്നതാണെന്ന തീരുമാനം ഇന്ത്യാ ഗവൺമെൻറ് എടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ 38,345 പേർക്ക് ഈ ആനുകൂല്യം കിട്ടി. അത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1983–84 1984–85, 1985–86 എന്നീ വർഷങ്ങളിൽ അപേക്ഷിച്ചയാളുകളുടെ കണക്കെടുത്തുനോക്കുമ്പോൾ അപേക്ഷിച്ചിട്ടുള്ളവരുടെ കണക്ക് ഒരുലക്ഷത്തി അറുപത്തിയെണ്ണായിരത്തി അറുനൂറ്റി അൻപത്തിനാല് പേരാണ്. എന്നാൽ ഓരോ സംസ്ഥാനത്തിനും അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് 13,000 പേർക്കാണ് ഒരു വർഷം അനുവദിച്ചത്. ഇത് പോരായെന്ന സംസ്ഥാന ഗവൺമെൻറിന്റെ വാദം ഇപ്പോഴും കേന്ദ്രഗവൺമെൻറിന്റെ മുമ്പിലുണ്ട്. കേന്ദ്രഗവൺമെൻറ് കൂടുതൽ അനുവദിച്ചുതരുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. എന്നാൽ പുതിയതായി പുറപ്പെടുവിച്ച കേന്ദ്രഗവൺമെൻറിന്റെ ഉത്തരവുപ്രകാരം ഇതിനുള്ള യോഗ്യതകളിൽ ചില മാറ്റംവരുത്തിയിട്ടുണ്ട്. എസ്. എസ്. എൽ. സി. പാസ്സായിരിക്കണം, 18–നും 35–നും ഇടയ്ക്ക് പ്രായമുള്ളവരായിരിക്കണം, പതിനായിരംരൂപയ്ക്ക് താഴെ വാർഷികകുടുംബവരുമാനമുള്ളവരായിരിക്കണം. എന്നുള്ളതിന്റെ കൂട്ടത്തിൽ ഐ. റ്റി. ഐ. പാസ്സായിട്ടുള്ളവർക്ക് വ്യവസായ സംരംഭങ്ങൾക്കും സർവ്വീസ് സംരംഭങ്ങൾക്കും പ്രത്യേക പരിഗണന നൽകുമെന്നും സാങ്കേതിക പരിശീലനം നേടിയിട്ടുള്ളവർക്കും വനിതകൾക്കും മുൻഗണന നൽകുമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പംതന്നെ ഈവർഷം മുതൽ ഗുണഭോക്താക്കളിൽ 30 ശതമാനം പേർ പട്ടികജാതി പട്ടികവർഗ്ഗക്കാരായിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആ അടിസ്ഥാനത്തിലാണ് ഇപ്പോൾ സഹായം നൽകുന്നത്. ആകെ ഗുണഭോക്താക്കളിൽ, വ്യവസായ സംരംഭങ്ങളിൽ 50 ശതമാനത്തിലധികം അപേക്ഷകർക്ക് ഇത് സാങ്ഷൻ ചെയ്യാൻ പാടുള്ളതല്ലെന്നും വ്യാപാരസംരംഭങ്ങൾക്ക് 30 ശതമാനത്തിൽ കവിയാൻ പാടില്ലെന്നും ഒരു നിർദ്ദേശംകൂടി ഉണ്ട്. അതോടൊപ്പംതന്നെ സംസ്ഥാന ഗവൺമെൻറിനു വളരെ അഭിമാനകരമായി പറയാനുള്ളത്, ഈ 25,000 രൂപ ഒട്ടും പോരായെന്നും അത് 50,000 രൂപയായി വർദ്ധിപ്പിക്കണമെന്നുമാണ്, അതിനുവേണ്ടി നിരന്തരമായ നിവേദനം നടത്തിയിരുന്നു. ഈ വർഷം മുതൽ വ്യവസായസംരംഭകർക്ക് 25,000 രൂപയെന്നുള്ളത് 35,000 രൂപയാക്കി ഈ സ്കീമിൽ ഉയർത്തിയിട്ടുണ്ട്. എന്നാൽ സർവ്വീസ് മുതലായ കാര്യങ്ങൾ ആരംഭിക്കുന്നവർക്ക് 25,000 രൂപ മാത്രവും വ്യാപാരാവശ്യങ്ങൾക്കുള്ളതിന് 15,000 രൂപയുമായും മാറ്റം വരുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെൻറിന്റെ ഈ സബ്സിഡി റിസർവ്വ് ബാങ്ക് വായ്പ നൽകുന്ന ബാങ്കുകൾവഴിയാണ് ലഭിക്കുന്നത്. അത് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അതിൽ നിന്നു ലഭിക്കുന്ന പലിശ, വായ്പ മുതലായവ ഇതിൽ തട്ടിക്കഴിച്ച് കൊടുക്കുന്നതാണ്. അതേസമയത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ ഒരു ഗുണഭോക്താവിനുകിട്ടുന്ന തുകയുടെ 10 ശതമാനം മാത്രമേ പലിശ ലഭിക്കുകയുള്ളു. മറ്റേതിന് 12 ശതമാനമാണ്. ഇത് തീരുമാനിക്കുന്നത് ഒരു ടാസ്ക് ഫോഴ്സ് ആണ്. വ്യവസായവകുപ്പിന്റെ ജനറൽ മാനേജരും ക്രഡിറ്റ് മാനേജരും ആ ജില്ലയിലെ ലീഡ് ബാങ്കിന്റെ പ്രതിനിധികളും, എസ്. എസ്. ഐ. യുടെ റെപ്രസന്റേറ്റീവ്, ഡിസ്ട്രിക്ട് എംപ്ലോയ്മെൻറ് ഓഫീസർ, ഡിസ്ട്രിക്ട് റൂറൽ ഡവലപ്പ്മെൻറ് ബോർഡ് എജൻസി ഇവരൊരുത്തരുമാണിത്, പരിശോധിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ഇതിനാവശ്യമായ പദ്ധതികളൊന്നുമില്ല

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ്. അത് ശരിയല്ല. ഓരോ ജില്ലാ വ്യവസായകേന്ദ്രത്തിലും ഇതിനാവശ്യമായ ഒട്ടേറെ പദ്ധതികളും ഉണ്ട്. പക്ഷേ ആ പദ്ധതികളും നഷ്ടമില്ലാതെ നടപ്പിലാക്കാൻ പറ്റുന്നതാണോയെന്ന് ഈ ടാസ്ക് ഫോഴ്സ് പരിശോധിക്കുന്നതാണ്. അത് പരിശോധിച്ചതിനുശേഷം ഇവർക്ക് ഇത് നൽകുന്നതാണ്. കേരളത്തിൽ ഈ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ 28,345 പേർക്ക് സാങ്ഷനാക്കിയ തുക 68.54 കോടി രൂപയാണ്. ഇതിൽ ഏതാണ്ട് നല്ലൊരുഭാഗം substantial ആയിട്ട് അതിന്റെ ഗുണഭോക്താക്കൾക്ക് കിട്ടിക്കഴിഞ്ഞു. ചിലർക്ക് കിട്ടാൻ സ്വാഭാവികമായി താമസം നേരിടും. കാരണം, അവരുടെ പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ ചില മെഷിനറികളും കിട്ടാൻ ബുദ്ധിമുട്ടുണ്ടായി. ഇതിൽ വൈദ്യുതിയെ സംബന്ധിച്ച പരാമർശനമുണ്ടായി. വിദ്യുച്ഛക്തിയെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ ഗവൺമെന്റിന്റെ നയത്തിനനുകൂലമായ, അനുസരണമായ ഒരു ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പ്രഖ്യാപിച്ചിട്ടുള്ളതായിട്ട് ബന്ധപ്പെട്ട എന്റെ സഹപ്രവർത്തകൻതന്നെ അറിയിക്കുകയുണ്ടായി. അതുപ്രകാരം ഇതിനാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകും. സംസ്ഥാന ഗവൺമെന്റിനെസംബന്ധിച്ചിടത്തോളം ഒരു ചെറുകിട വ്യവസായയൂണിറ്റിനുള്ള എല്ലാ സഹായങ്ങളും ഇത് നൽകുന്നതാണ്. മറ്റ് ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ അനുവദിക്കുക, അതിന് പ്രൈസ് പ്രിഫറൻസ് നൽകുക, എസ്. എസ്. ഐ. യൂണിറ്റുകൾക്ക് നൽകുന്ന സൗജന്യങ്ങൾ, ഇൻവെസ്റ്റുമെന്റ് സബ്സിഡി തുടങ്ങിയവയെല്ലാം ഈ യൂണിറ്റുകൾക്കും നൽകും. സംസ്ഥാന ഗവൺമെന്റ് ഈ യൂണിറ്റുകളെസംബന്ധിച്ചിടത്തോളം ഒരു പ്രത്യേക ഡിവിഷൻ വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ വ്യവസായ വകുപ്പിന്റെ ജില്ലാകേന്ദ്രങ്ങളിൽ ഇതുസംബന്ധിച്ചുള്ള പരിശോധനയും ഇൻറർവ്യൂവും അതുപോലെയുള്ള കാര്യങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്.

സർ, ഗവൺമെന്റിന് ഒരുകാര്യത്തിൽ വളരെ നിർബന്ധമുണ്ട്. ആരംഭിച്ച വ്യവസായങ്ങൾ മുഴുവൻ നല്ലനിലയിൽ നടത്തിക്കൊണ്ടുപോകണമെന്ന കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. അതുകൊണ്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഇതിന്റെ ഇൻറർവ്യൂ നടത്താൻ പ്രതിജ്ഞാബദ്ധമാണ്. വല്ല പ്രശ്നവും ഉണ്ടെങ്കിൽ വ്യവസായ വകുപ്പു ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. അതിനും പുറമെ കേന്ദ്ര ഗവൺമെന്റ്തന്നെ ഓരോ സംസ്ഥാനത്തും ഏതെങ്കിലും ഒരു ജില്ലയിൽ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പഠനം നടത്താൻ ഒരുവർഷം മുൻപ് തീരുമാനിച്ചു. അത് ലോട്ട് ഇട്ടെടുത്തപ്പോൾ കേരളത്തിൽ പരിശോധനയ്ക്ക് വിധേയമായത് മലപ്പുറം ജില്ലയാണ്. അങ്ങനെ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ ഇവിടെ വന്ന് ഇത് സംബന്ധിച്ച് നൽകിയ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകളും, അതുകൊണ്ടുള്ള സ്ഥാപനങ്ങളും എങ്ങനെ നടത്തുന്നു എന്നൊക്കെ പരീക്ഷണം നടത്തിയപ്പോൾ തൃപ്തികരമായിട്ടാണ് തോന്നിയത്. മാത്രമല്ല ഇതുമൂലം വന്നിട്ടുള്ള ഒരു ചെറുകിടവ്യവസായ യൂണിറ്റിൽ ആവറേജ് 7.6 ശതമാനം യൂണിറ്റ് എന്ന നിലയിൽ കണ്ടെത്തി. അത് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ കേരളത്തിൽ ഇത് വളരെ വിജയപ്രദമായി, വളരെ നല്ലനിലയിൽ നടത്തിയിട്ടുണ്ട് എന്ന് കേന്ദ്രഗവൺമെന്റിന്റെ റിപ്പോർട്ടുണ്ടായിരുന്നു. ഇതൊക്കെയാണെങ്കിൽ പോലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. വലിയ ഒരു വിഭാഗം അഭ്യസ്തവിദ്യരായിട്ടുള്ള, തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ള

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിൽ ഒരുവർഷം പ്രതിമൂവായിരം തീരെ അപ്രായോഗികമാണെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. ഇത് കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ വരുന്ന ഡിസംബർ 10–ാം തീയതി ഡൽഹിയിൽ വച്ചു നടക്കുന്ന സംസ്ഥാന വ്യവസായമന്ത്രിമാരുടെ സമ്മേളനത്തിലും ഈ പ്രശ്നം ഉന്നയിക്കണമെന്നുള്ള നിലയ്ക്ക് സംസ്ഥാനഗവൺമെന്റ് നടപടികൾ എടുത്തിട്ടുണ്ട്. ഏതായാലും ഈ നിലയിൽ പോകുന്ന ഈ പദ്ധതി വളരെക്കൂടുതൽ വിജയപ്രദമായിത്തീരുമെന്ന് പ്രത്യാശിക്കുന്നു. ഇതിന് സഹകരിക്കാൻ വന്ന എല്ലാവരോടും നന്ദിയുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ പദ്ധതിക്ക് സ്കീംസ് ഉണ്ടെന്നു പറഞ്ഞു. പക്ഷേ പല സ്കീമുകളും യാഥാർത്ഥ്യബോധത്തോടുകൂടിയുള്ളതല്ല. മറ്റ് ചില സ്ഥലങ്ങളിൽ വലിയ വ്യവസായങ്ങളുടെ ആൻസിലറി യൂണിറ്റെന്നുള്ള നിലയിൽ ശരിയായ മാർക്കറ്റ് കിട്ടുന്ന നല്ല പ്രോജക്ട് ഉള്ളതുകൊണ്ട് ഈ സ്കീം വളരെ നന്നായി നടക്കുന്നതായി പറയുന്നുണ്ട്. ഇപ്പോഴും അധികവും പായക്കട, മുറുക്കാൻ കട, ബങ്ക് ഇങ്ങനെയുള്ള ട്രേഡിങ്ങാണ് വായ്പ നൽകുന്നത്. കുറേക്കൂടി പ്രൊഡക്ടീവായിട്ടുള്ള, മാർക്കറ്റ് കിട്ടാവുന്ന വൻ യൂണിറ്റുകളുടെ ആൻസിലറി യൂണിറ്റ് എന്ന നിലയിൽ പ്രവർത്തിക്കാവുന്ന സ്കീമുകളും ഐഡന്റിഫൈ ചെയ്തു ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കാൻ വ്യവസായവകുപ്പു മന്ത്രി തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ്: അതിനുവേണ്ടി ഇവിടെയുള്ള ഷിപ്പ് ബിൽഡിംഗ്, എച്ച്. എം. ടി. മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആൻസിലറി യൂണിറ്റ് ആവശ്യമുള്ളവർക്ക് ആ യൂണിറ്റുകൾ മാത്രമല്ല അതിന് ആവശ്യമുള്ള ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് പ്ലോട്ടും കിട്ടും. പ്രത്യേകിച്ച് സംസ്ഥാനഗവൺമെന്റ് ഇപ്പോൾ ആരംഭിക്കുന്ന ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് പ്ലോട്ടുകളിൽ ഇതിന് പറ്റുന്നിടത്തോളം ഉപയുക്തമാക്കാൻ ശ്രമിക്കുന്നുണ്ട്. മുപ്പത്തിയയ്യായിരം രൂപയെന്നുള്ളത് ഒരു വ്യവസായ യൂണിറ്റിനും മതിയാകുകയില്ല എന്നാണ് ഞങ്ങൾക്കറിയുന്നത്. അതിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: ബാങ്കുകളിലേക്ക് കൊടുക്കുന്ന അപേക്ഷകൾ [illegible] പരിധി കഴിഞ്ഞു എന്നുപറഞ്ഞ് ബാങ്കുകാർ തുറക്കാതെ മടക്കി അയയ്ക്കുന്നുണ്ട്. അതുകൊണ്ട് ലോൺ അനുവദിച്ചാലും ഉപഭോക്താക്കൾക്ക് അത് കിട്ടാതെ പോകുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതെങ്കിലും ബാങ്കിന്റെ പരിധി കഴിഞ്ഞാൽ മറ്റ് ഏതെങ്കിലും ബാങ്കിന്റെ പരിധിയിൽ കൊടുക്കുകയോ മറ്റ് ഏതെങ്കിലും രീതിയിൽ അപേക്ഷകർക്ക് ഇത് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുമോ?

ശ്രീ. ഇ. അഹമ്മദ്: ഈ പദ്ധതി ആദ്യം ആരംഭിച്ചപ്പോൾ നിർഭാഗ്യവശാൽ [illegible] ഇങ്ങനെയുള്ള തണുപ്പൻനയം കാണിക്കുകയും സാങ്കേതികതത്തിൽ പിടിച്ചുതൂങ്ങുകയും ചെയ്തിരുന്നു. തുടർന്നുള്ള നടപടികൾ കൊണ്ട് അത് പരിഹൃതമാക്കുകയും ചെയ്തു. എന്നിട്ടും

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസങ്ങളും ഉണ്ടെങ്കിൽ വ്യവസായ വകുപ്പ് ഡയറക്ടറെ തന്നെയും, അതിനുംമേൽ പ്രയാസമുണ്ടെങ്കിൽ മന്ത്രിതലത്തിൽ തന്നെയും, ബാങ്ക് പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി അത് സോർട്ടൗട്ട് ചെയ്യാനുള്ള നടപടികളും എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലുള്ള പ്രശ്നങ്ങളും ഇപ്പോൾ വളരെ കുറവാണ്. അതേ സമയം ചില പദ്ധതികളും അംഗീകരിച്ചുകഴിഞ്ഞിട്ട് അതിന് ആവശ്യമായ മെഷിനറിയും മറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസും ഈ വ്യവസായ സംരംഭകൻ തയ്യാറാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസംകൊണ്ട്, ചില കാര്യങ്ങളിൽ ഇലക്ട്രിസിറ്റിക്ക് തന്നെയും, പ്രയാസം നേരിട്ടിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടിയും ജില്ലാ ലവലിൽ എടുത്തുവരുന്നുണ്ട്.

ശ്രീ. ഇ. ജെ. ലൂക്കോസ്: കോട്ടയം ജില്ലയിൽ സ്വയം തൊഴിലുമായി ബന്ധപ്പെട്ടുകൊണ്ട് ഇഷ്ടികനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുണ്ട്. ഇവർക്ക് ലോൺ അനുവദിക്കുന്ന സാഹചര്യം വരുമ്പോൾ സ്വയംതൊഴിൽ കണ്ടെത്തൽ എന്ന നിലയിൽ ആ ലോൺ അനുവദിക്കുന്നില്ല. അതുപോലെ തന്നെ ഐ. ടി. ഐ. ഡ്രംബർ പരീക്ഷകളും പാസ്സായ കുട്ടികളെ സംബന്ധിച്ചിടത്തോളം അതുമായി ബന്ധപ്പെട്ട വ്യവസായത്തിൽ ഇവർക്ക് ലൈസൻസ് ഇല്ലെന്നുപറഞ്ഞുകൊണ്ട് ഇവരെ മാറ്റി നിറുത്തുന്നുണ്ട്. അങ്ങനെയുള്ളതിന് പ്രത്യേക പരിഗണന കൊടുക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചപോലെയുള്ള പ്രശ്നങ്ങൾ ഇപ്പോൾ ഉണ്ട് എന്ന കാര്യം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല. മണ്ണിഷ്ടിക ഉണ്ടാക്കുന്നവരുണ്ടെങ്കിൽ അതിനും ബാങ്കിനേറെയും വ്യവസായവകുപ്പിനേറെയും എസ്. എസ്. ഐ. യുടേയും പ്രതിനിധികളും അടങ്ങുന്നവർ പരിശോധിച്ച് നഷ്ടപ്പെടാത്തതുണ്ടെങ്കിൽ നിർബന്ധമായും കൊടുക്കാം. ലൈസൻസുകളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പ്രോസസ്സ് വളരെയധികം ലഘൂകരിച്ചിരിക്കുകയാണ്. അങ്ങനെയുള്ള പ്രയാസം ഉള്ളതായിട്ട് തോന്നുന്നില്ല. എന്നിട്ടും ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ വല്ലതും പെടുകയാണെങ്കിൽ അത് എന്റെ ശ്രദ്ധയിൽ പെടുത്തുകയാണെങ്കിൽ തക്കതായ നടപടികളും സ്വീകരിക്കാം.

ശ്രീ. പി. എം. അബൂബക്കർ: ഈ പദ്ധതി പ്രകാരം വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്ന സന്ദർഭത്തിൽ 30 ശതമാനം പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകിച്ച് നീക്കിവച്ചിട്ടുണ്ട് എന്നു പറഞ്ഞു. അതിൻപ്രകാരം മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടയാളുകൾക്ക് ഇതുപോലുള്ള വല്ല ആനുകൂല്യവും ഈ പദ്ധതിയുടെ ഭാഗമായി കൊടുക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഇത് കേന്ദ്രഗവൺമെന്റിന്റെ ഒരു പദ്ധതിയാണ്. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഇതിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് മാത്രമേ റിസർവ്വേഷനുള്ളു. ഐ. ടി. ഐ. പാസ്സായവർക്കും വനിതകൾക്കും മുൻഗണന കൊടുക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം വയബിളായിട്ടുള്ള പദ്ധതികൊണ്ടായാലും എല്ലാ വിഭാഗക്കാർക്കും വേണ്ടത്ര പരിഗണന കൊടുക്കുന്നുണ്ട്. എസ്. എസ്. എൽ. സി. പാസ്സായിരിക്കണമെന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

30 ശതമാനം പൂർത്തീകരിക്കാൻ പ്രയാസമുള്ളതായിട്ടാണ് ഈ വർഷം പ്രിലിമിനറിയായിട്ടുള്ള സെലക്ഷനിൽ എനിക്ക് കിട്ടിയ വിവരം. അങ്ങനെയാണെങ്കിൽ എന്തുചെയ്യണം എന്നുള്ളതുകൂടി ഇൻഡ്യാ ഗവൺമെൻറിനോട് ചോദിക്കേണ്ട നിലപാടിൽ എത്തുകയാണ്. അതേയവസരത്തിൽ ഏതെങ്കിലും കാരണവശാൽ നമുക്കുള്ളത് കുറയാതിരിക്കാൻ മറ്റ് ഉപഭോക്താക്കളെ സെലക്ട് ചെയ്തുവച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടതും എസ്. എസ്. എൽ. സി. പാസ്സായതുമായിരിക്കണമെന്നുള്ള നിബന്ധനയുള്ളതുകൊണ്ട് 30 ശതമാനം പൂർത്തിയായില്ലെങ്കിൽത്തന്നെ ഇതിനോട് ബന്ധപ്പെട്ട ആളുകൾക്ക് കിട്ടണമെന്നുള്ള നിലയിൽ മുൻകരുതൽകൂടി ഗവൺമെൻറ് ചെയ്തിരിക്കുകയാണ്.

ശ്രീ. തോപ്പിൽ രവി: തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിൻെറ കൂട്ടത്തിൽ പുറത്തുള്ള മലയാളികൾ അവിടെനിന്ന് പണിയില്ലാതെ പുറത്തുവരുന്ന സാഹചര്യത്തിൽ, അവർക്ക് തൊഴിൽ നൽകുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറ് പ്രത്യേകം പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ഇതുമായി ബന്ധപ്പെട്ട്, വെളിയിൽനിന്ന് വരുന്നവർക്ക് പ്രത്യേകമായിട്ട് ഒന്നുമില്ല. എസ്. എസ്. എൽ. സി. പാസ്സായിരിക്കുക, കുടുംബവരുമാനം പതിനായിരം രൂപയിൽ കവിയാതിരിക്കുക, ഐ. ടി. ഐ. പാസ്സായിരിക്കുക, ഈ നിബന്ധനകൾ എല്ലാവർക്കും കിട്ടും. പുറമേനിന്നുള്ളവർക്ക് ആയാലും അല്ലെങ്കിലും കിട്ടും. പുറമേനിന്നു വരുന്നവർക്ക് പ്രത്യേകമായി ചെറുകിട വ്യവസായത്തിനുള്ള പദ്ധതികൾ സംസ്ഥാന ഗവൺമെൻറ് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ തയ്യാറാക്കിവച്ചിട്ടുണ്ട്. വിദേശത്തുനിന്നുവരുന്ന മലയാളികൾ ഇവിടെ ചെറുകിടവ്യവസായം ആരംഭിക്കുകയാണെങ്കിൽ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെൻറർ, ജനറൽ മാനേജർമാരും വൻകിട-ഇടത്തരം വ്യവസായമാണെങ്കിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് കോർപ്പറേഷനും പ്രത്യേക പദ്ധതികളും പ്രത്യേക സജ്ജീകരണങ്ങളും സംവിധാനം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സ്വയം തൊഴിൽ കണ്ടെത്താൻ ഉള്ള കേന്ദ്ര സഹായ പദ്ധതിയിൽ കഴിഞ്ഞ തവണ നിശ്ചയിച്ചിട്ടുള്ള ടാർജറ്റ് അനുസരിച്ച് കൊടുത്തതിൻെറ ബാക്കിയുള്ള പെൻറിംഗ് അപേക്ഷകൾ ഉണ്ട്. അത് ഈ തവണ നൽകുന്ന ടാർജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് പ്രോജക്ട് കണ്ടെത്തി അതിനുള്ള സാമ്പത്തികസഹായം നൽകാൻ ഉള്ള നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ടാർജറ്റ് 13,000 ആണ്, പക്ഷേ സ്വീകരിക്കപ്പെട്ട അപേക്ഷകളിൽത്തന്നെ ടാർജറ്റിൽനിന്നുമാറിയാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നത്. അത് സാധാരണ ചെയ്യുന്നത് ഇത് തുടർച്ചയായ ഒരു പദ്ധതിയെന്ന നിലയിൽ 13,000 കഴിഞ്ഞിട്ട് അടുത്ത പ്രാവശ്യം വരുമ്പോൾ ആദ്യം ഇൻറർവ്യൂ ചെയ്ത് സാങ്ഷൻ ചെയ്യാൻ അർഹരായവരെക്കൂടി—13,000 കഴിഞ്ഞ് ബാക്കിയുള്ളവരെക്കൂടി—മുൻഗണന കൊടുക്കാറുണ്ട്. അപ്പോഴും ഇറക്കാല്ലം കിട്ടിയില്ലെങ്കിലും പലർക്കും അടുത്ത ചെല്ലവും, അടുത്ത കൊല്ലം കിട്ടിയില്ലായെങ്കിൽ അതിനടുത്ത കൊല്ലവും ഈ ടാർജറ്റിനപ്പുറം ലഭ്യമാക്കാനുള്ള നടപടികൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.എം.പി.എം.ഇസ്ഹാക്ക് കുരിക്കൾ: സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയിൽ ഇൻഡസ്ട്രീസിനും, ബിസ്സിനസ്സിനുമാണ് ഈ കമ്മിറ്റി ശുപാർശ ചെയ്യുന്നതും, സംഖ്യ അനുവദിക്കുന്നതും. പല പ്പോഴും ബിസ്സിനസ്സിൽ കൂടുതൽ ആളുകൾ വരുന്നതുകൊണ്ടും, ഇൻഡസ്ട്രീസ് തുടങ്ങണമെന്നു നിർബന്ധിക്കുന്നതുകൊണ്ടും സ്വയം തൊഴിൽ കണ്ടെത്താൻ വരുന്ന അപേക്ഷകർ വളരെയധികം വിഷമിക്കു കയും, അവർക്ക് ഇഷ്ടമില്ലാത്ത, അവർ തുടങ്ങാൻ ആഗ്രഹിക്കാത്ത പല ബിസ്സിനസ്സുകളും തുടങ്ങണമെന്നു പറഞ്ഞുകൊണ്ട് ഉദ്യോഗസ്ഥൻ മാരും, ജനറൽമാനേജർമാരും നിർബന്ധിക്കുന്നതുവഴി തുടങ്ങിയ വ്യവസായങ്ങൾ മുടങ്ങിപ്പോകുന്നതുകൊണ്ട് ഓരോരുത്തരുടേയും അഭിരു ചിയ്ക്കനുസൃതമായി ഈ ലോൺ അനുവദിക്കാൻ വേണ്ട നടപടികൾ സ്വീക രിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: തുടങ്ങിയ വ്യവസായങ്ങളെല്ലാം മുടങ്ങിക്കിട ക്കുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് യോജിക്കുന്നില്ല. അതേയവസരത്തിൽ ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതും, തീരു മാനിക്കുന്നതും, ഇതിന്റെ ഉപാധികളെല്ലാം തീരുമാനിക്കുന്നതും ഇൻഡ്യാഗവൺമെൻറാണ്. ഇൻഡ്യാഗവൺമെൻറിന്റെ ഈ പദ്ധതി തന്നെ ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടിയുള്ളതാണ്. അതുകൊണ്ട് 50 ശതമാനം വ്യവസായങ്ങൾ ആയിരിക്കണമെന്ന് ഗവൺമെൻറ് നിർബന്ധി ക്കുന്നുണ്ട്. 30 ശതമാനത്തിലേറെ ഒരു നിലയിലും ബിസ്സിനസ്സ് വെൻച്വേഴ്സ് പാടില്ല എന്നാണ്. എങ്കിലും ഗവൺമെൻറിന്റെ ഗൈഡ് ലൈനിൽനിന്ന് മാറ്റം വരുത്തിക്കൊണ്ട് സംസ്ഥാനത്തിന് ടാസ്ക്ക് ഫോഴ്സിന് തീരുമാനമെടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി വായ്പ അനുവദിച്ചുകഴിഞ്ഞ് പല ആളുകളും മേടിക്കു ന്നതിനു വേണ്ടി ബാങ്കിൽ ചെല്ലുമ്പോൾ ഒരു ഇൻസ്റ്റാൾമെൻറ് വായ്പ കൊടുത്തുകഴിഞ്ഞാൽ അടുത്ത ഇൻസ്റ്റാൾമെൻറ് വായ്പ കൊടുക്കാ തിരിക്കുക, അതുപോലെ പല ബാങ്കുകാരും ഞങ്ങളുടെ ടാർജറ്റ് കഴി ഞ്ഞുപോയി, ഇനി അത് അക്സെപ്റ്റ് ചെയ്യാൻ നിർവ്വാഹമില്ല എന്നു പറഞ്ഞ് ആളുകളെ മടക്കി അയയ്ക്കുന്നു. അതിന് സർക്കാർ തലത്തിൽ തന്നെ ഇത്രയും റിസ്ക് എടുക്കുമ്പോൾ സർക്കാർ തലത്തിൽത്തന്നെ ഇതിന് അനുവദിക്കുന്ന വായ്പ കൃത്യമായി ഉപഭോക്താക്കൾക്ക് കിട്ടത്തക്കവിധ ത്തിലുള്ള നടപടിക്രമങ്ങൾ എന്തെങ്കിലും ചെയ്യാൻ സർക്കാർ തയ്യാറാ കുമോ?

ശ്രീ. ഇ. അഹമ്മദ്: ചില ഇൻഡസ്ട്രിയൽ വെൻച്വേഴ്സ് കൊടുത്തു കഴിഞ്ഞാൽ അതിന് ഇലക്ട്രിസിറ്റി കണക്ഷൻ വേണ്ടിവരും. 5,000 രൂപവരെ മാത്രമേ ഇലക്ട്രിസിറ്റി ബോർഡ് സഹിക്കുകയുള്ളൂ. പക്ഷേ ചിലേടത്ത് ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടണമെങ്കിൽത്തന്നെ വലിയൊരു തുക ചെലവാകും. അപ്പോൾ ഈ വ്യവസായം ആരംഭി ക്കുന്ന ആളുകൾക്ക് അതിനുള്ള ഏർപ്പാടുകളില്ല, ഇലക്ട്രിസിറ്റി ബോർഡിനാണെങ്കിൽ നിശ്ചിത പരിധിയിലധികം ലഭിക്കാനും സാദ്ധ്യമല്ല. അപ്പോൾ അവിടെ കൊണ്ടുവന്ന ആ മെഷിനറി ഉപയോഗി ക്കുന്നതിനു മുമ്പുതന്നെ രണ്ടാമത്തേയും, മൂന്നാമത്തേയും ഗഡു ചോദി ക്കുമ്പോൾ ഇൻസ്റ്റാൾമെൻറ് സിസ്റ്റപ്രകാരം കൊടുക്കുന്നതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഇൻസ്റ്റാൾമെൻറ് യൂട്ടിലൈസ് ചെയ്തു കഴിഞ്ഞാൽ രണ്ടാമത്തെ ഇൻസ്റ്റാൾമെൻറ് കൊടുക്കാമെന്നുള്ളതിന് കാരണമുണ്ട്. ഇത് ആദ്യം തുടങ്ങിയപ്പോൾ ഗുരുപയോഗപ്പെടുത്തുന്ന ചില കാര്യങ്ങൾ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുകയും. അതിനെത്തുടർന്ന് അതൊഴിവാക്കാൻവേണ്ടി ചെയ്തതാണ്. പക്ഷേ അതുകൊണ്ട് ഗുണഭോക്താക്കൾക്ക് പ്രത്യേക പ്രയാസമുള്ളതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളിലെല്ലാം തക്കതായ നടപടികളെടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: പട്ടികജാതിക്കാരായിട്ടുള്ള കുട്ടികൾക്ക് എസ്. എസ്. എൽ. സി. പാസ്സായിരിക്കണമെന്നുള്ള നിർബന്ധം മാറ്റിയിട്ട് എസ്. എസ്. എൽ. സി. പാസ്സാകാത്തവർക്ക് കൂടി കൊടുക്കണം., കാരണം മലബാർ ഭാഗത്തൊക്കെ എസ്. എസ്. എൽ. സി. വരെ പഠിക്കാത്ത കുട്ടികളാണ് കൂടുതലും ഉള്ളത്. അതുകൊണ്ട് പാസ്സാകാത്തവർക്ക്കൂടി കൊടുക്കാനുള്ള ഒരു ഭേദഗതിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: സർ, അതു ബഹുമാനപ്പെട്ട മെമ്പറുടെ ഒരു നിർദ്ദേശമാണ്. കേന്ദ്രഗവൺമെൻറ് പറഞ്ഞത് ഈ സ്കീമിൽ എസ്. എസ്. എൽ. സി. പാസ്സായവരും, 18 വയസ്സിനും, 35 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവരും, തൊഴിലില്ലാത്തവരും പ്രതിവർഷം 10,000 രൂപയിൽ കുറവ് വരുമാനമുള്ളവരും ആയിരിക്കണമെന്നുള്ള നിബന്ധനകളാണ്. അത് കേന്ദ്രഗവൺമെൻറ് തീരുമാനിച്ചതാണ്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ ഉച്ചകഴിഞ്ഞ് നാലുമണിക്ക് വീണ്ടും സമ്മേളിക്കാനായി 1.26-ന് പിരിഞ്ഞു.)

(സഭ ഉച്ചയ്ക്കുശേഷം 4 മണിക്ക് നിയമസഭാ സ്പീക്കർ ശ്രീ. വി. എം. സുധീരൻറെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും സമ്മേളിച്ചു)

IX. നിയമനിർമ്മാണകാര്യം

(1) 1986-ലെ നഗരാസൂത്രണനിയമങ്ങൾ (ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986-ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, 1986-ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച 9-ാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly